(ബി) നിലവിലുള്ള നിയമപ്രകാരം ആരോഗ്യ വകുപ്പിലും സംസ്ഥാന പോലീസിലും ഇപ്രകാരമുള്ള പരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സംസ്ഥാന വിജിലൻസ് വിഭാഗവും റീജിയണൽ വിജിലൻസ് യൂണിറ്റ് 1,2,3 എന്നീ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. പരാതികൾ ലഭിച്ചാൽ മേൽ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ജില്ലാതലത്തിൽ ലഭിക്കുന്ന പരാതിയിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ അന്വേഷണം നടത്തി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) രണ്ട് പേരെയാണ് ഇപ്രകാരം കണ്ടെത്തിയിട്ടുള്ളത്. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശ്രീ. രാജ്കുമാറിനെതിരെയും ഒപ്റ്റോമെട്രിസ്റ്റ് ശ്രീ.നിസ്സാമുദ്ദിനെതിരെയുമുള്ള പരാതികൾ അന്വേഷിച്ച് സത്യമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ

23 (4306) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിൽ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ എത്രത്തോളം ഫലപ്രദമാണെന്ന് ഗവൺമെന്റ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ഹോളിസ്റ്റിക്ക് സെന്ററുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം;

(ഡി) ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ സേവനം എല്ലാ ജില്ലയിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹോമിയോപ്പതി, ആയുർവ്വേദം, യോഗ, പ്രകൃതിജീവനം തുടങ്ങിയ ചികിത്സാശാസ്ത്രങ്ങളുടെ ഗുണവശങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ആധുനിക ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസർ, പി.സി.ഒ.ഡി., ഗർഭാശയരോഗങ്ങൾ, ഹോർമോൺ വ്യതിയാനം മൂലമുള്ള രോഗങ്ങൾ തുടങ്ങിയവയെ ഫലപ്രദമായി പ്രതിരോധിക്കുകയും പരിചരിക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടെ ആരംഭിച്ച ഒരു സമഗ്ര ചികിത്സാ പദ്ധതിയാണ് ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ.

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളിൽ ചികിത്സ തേടിയെത്തിയ രോഗികളുടെയും രോഗശാന്തി ലഭിച്ചവരുടെയും കണക്കുകൾ ഉൾക്കൊള്ളുന്ന പ്രവർത്തന റിപ്പോർട്ട് പ്രസ്തുത സെന്ററുകളിൽ നിന്നും ഹോമിയോപ്പതി ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നുണ്ട്. ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജീവിത ശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിൽ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ നാല് ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഹോമിയോ ആശുപത്രികളോടനുബന്ധിച്ചാണ് പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്നത്.

(ഡി) 2012-13 വാർഷിക പദ്ധതി പ്രകാരമാണ് തിരുവനന്തപുരത്തും കോഴിക്കോടും ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചത്. 2013-14 വാർഷിക പദ്ധതിയിൽ എറണാകുളത്തും കണ്ണൂരും കൂടി ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ ആരംഭിച്ചു. തുടർന്ന് മറ്റ് ജില്ലകളിൽ കൂടി വാർഷിക പദ്ധതി പ്രകാരം ഘട്ടംഘട്ടമായി ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ ആരംഭിക്കുന്നതും കാലക്രമേണ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതുമാണ്.

എച്ച്.ഐ.വി. ബാധിതയായ പെൺകുട്ടിക്ക് വീടും സ്ഥലവും നൽകുന്നതിന് നടപടി

24 (4307) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എച്ച്.ഐ.വി. രോഗബാധ തടയുക, രോഗബാധിതർക്ക് ചികിത്സ ലഭ്യമാക്കുക, അവരെ പുനരധിവസിപ്പിക്കുക, രോഗികളുടെ ഉറ്റ ബന്ധുക്കൾക്ക് സംരക്ഷണം നൽകുക തുടങ്ങിയവയ്ക്കായി ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര തുക ചെലവഴിച്ചു; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിതരായി കണ്ടെത്തിയവർ എത്രയെന്നും ഇവർക്ക് ആരോഗ്യപരിപാലനം ഉൾപ്പെടെ എന്തു സഹായം ചെയ്യുന്നു എന്നും